# കിഴുവിലം ഗ്രാമപഞ്ചായത്ത്

# ബഡ്ജറ്റ്

# 2024-2025

# ആമുഖം

ഭൂപ്രകൃതിയാൽ അനുഗ്രഹീതമായതും നിമ്നോന്നതങ്ങൾ നിറഞ്ഞതുമായ ഒരു കാർഷിക ഗ്രാമമാണ് കിഴുവിലം. സാധാരണക്കാരും ഇടത്തരക്കാരും തൊഴിലാളികളുമാണ് ജനസംഖ്യയിൽ കൂടതലായിട്ടുള്ളത്. വിദേശത്തുപോയി തൊഴിലെടുക്കുന്നവരുടെ എണ്ണവും കുറവല്ല. വിദേശമലയാളികളുടെ വരുമാനം നമ്മുടെ പഞ്ചായത്തിലെ ജന ജീവിതത്തിൽ കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. വ്യക്തി ജീവിത വികസനത്തോടൊപ്പം പൊതു സമൂഹത്തിന്റെ വളർച്ചയ്ക്കും അത് മുതൽകൂട്ടായിട്ടുണ്ട്.

ചെറുകിട നാമമാത്രകർഷകർ, വ്യാപാരികൾ എന്നിവരും നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്. ആധുനിക കാലത്ത് സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റത്തെ കാണാതെ പോകുവാൻ നമുക്ക് ആകില്ല. അതുകൊണ്ട് തന്നെ പരിമിതമായ സാമ്പത്തിക സ്ഥിതിയിൽ നിന്നാണെങ്കിലും സർവ്വതല സ്പർശിയായ വികസന കാഴ്ചപ്പാടിന് സഹായകരമായിട്ടുള്ള ഒരു ബഡ്ജറ്റ് തയ്യാറാക്കി മുന്നോട്ട് പോകേണ്ടതുണ്ട്. ആധുനിക വിവരസാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുക, പാർശ്വവല്ക്കരിക്കപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക, ഭിന്നശേഷിക്കാരുടെ പരിമിതികളെ അതിജീവിക്കാൻ അവരെ പ്രാപ്തരാക്കി അവരുടെ ശേഷിയും കഴിവും പൂർണ്ണതോതിൽ പ്രയോജനപ്പെടുത്താൻ പര്യാപ്തമാക്കുക, കാർഷിക മേഖലയെ സമ്പുഷ്ടമാക്കുക, സേവനമേഖല സജ്ജമാക്കുക, അടിസ്ഥാന സൗകര്യവികസനം പ്രത്യേകിച്ചും ഗതാഗതസൗകര്യം മെച്ചപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാദ്ധ്യമാകുന്ന തരത്തിലുള്ള ഒരു ബഡ്ജറ്റാണ് കിഴുവിലം ഗ്രാമപഞ്ചായത്തിൽ ഇന്ന് അവതരിപ്പിക്കപ്പെടുന്നത്. നിശ്ചയമായും നമ്മുടെ സാമൂഹ്യസാഹചര്യങ്ങളെ വിലയിരുത്തികൊണ്ടുള്ള മുന്നോട്ടുള്ള പ്രയാണത്തിന് ഊർജ്ജം പകരുന്നതാണ്. 2024 25 വർഷത്തെ ബഡ്ജറ്റ് എന്ന് നിസ്സംശയം നമുക്ക് പറയാവുന്നതാണ്.

വിശ്വസ്തതയോടെ

Rajitha R

ആർ.രജിത
പ്രസിഡന്റ്

സ്ഥലം - കിഴുവിലം
തീയതി - 09.02.2024

# 2024-25 ബഡ്ജറ്റ്

ബഹുമാന്യരേ,

കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള ഭരണ സമിതിയുടെ നാലാമത് ബഡ്ജറ്റാണ് ഇന്ന് അവതരിപ്പിക്കുന്നത്. മുൻകാല ബഡ്ജറ്റിൽ ലക്ഷ്യമിട്ടിരുന്ന പ്രവർത്തനങ്ങളിൽ കൂടുതലും പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്.ശേഷിച്ചവയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആയത് വളരെ ചാരിതാർത്ഥ്യത്തോടെയാണ് നമുക്ക് പറയാൻ സാധിക്കുന്നത്.

കിഴുവിലം ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ വർഷങ്ങളായുണ്ടായിരുന്നതും പഴക്കം ചെന്നതുമായ മുഖച്ഛായ മാറ്റി ആധുനികവത്കരിക്കാനും ഗ്രാമപഞ്ചായത്തിന്റെ പശ്ചാത്തല സൗകര്യം വർധിപ്പിക്കാനും അനുബന്ധ കെട്ടിടങ്ങളും പഞ്ചായത്തിന്റെ ഹാളും നവീകരിച്ച് ആധുനിക സങ്കേതങ്ങൾ സ്ഥാപിച്ച് ശ്രീ.വാസുദേവൻ സ്മാരക ഡിജിറ്റൽ ഹാൾ ആക്കി രൂപാന്തരപ്പെടുത്തുന്നതിനും സാധിച്ചു.ഗ്രാമപഞ്ചായത്ത് ഓഫീസിന് മുകളിൽ 300 പേർക്ക് പങ്കെടുക്കാവുന്ന തരത്തിലുള്ള ഹാൾ പൂർത്തിയായി വരുന്നു.

ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ ആധുനികവത്കരണത്തിന് ഉതകുന്ന വിധം ഈ സാമ്പത്തിക വർഷം (2023-24) തന്നെ ഗ്രാമപഞ്ചായത്ത് ഓഫീസ് ജീവനക്കാരുടെ ഹാൾ, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ്, എം ജി എൻ ആർ ഇ ജി എ ഓഫീസ്, എന്നിവ നവീകരിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതോടൊപ്പം ഫ്രണ്ട് ഓഫീസ്, ഡിജിറ്റൽ ഹാൾ എന്നിവിടങ്ങൾ എയർ കണ്ടീഷനാക്കുന്നതിനും സാധിക്കുന്നതാണ്. 2023-24 ബഡ്ജറ്റിൽ നമ്മുടെ പഞ്ചായത്ത് മാർക്കറ്റിലുള്ള നാശോന്മുഖമായ ഷോപ്പിംഗ് കോംപ്ലക്സിന് പകരം അതേ സ്ഥലത്ത് മൂന്ന് നിലകളോട് കൂടിയ ഒരു പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമിക്കുന്നതിനാവശ്യമായ നടപടികൾ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ധനലഭ്യതക്കുറവ് കാരണം കേരള ഇൻഫ്രസ്ട്രക്ചറൽ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെയും ഫിഷറീസ് വകുപ്പിന്റെയും സഹായത്തോടെ മൂന്ന് കോടി രൂപ ചെലവ് ചെയ്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനും പൊതു മാർക്കറ്റ് ആധുനികവത്കരിക്കപ്പെടുന്നതിനുമുള്ള പരിശ്രമങ്ങൾ പൂർത്തിയായി വരുകയാണ്.

നാം മുൻഗണന നൽകി ഏറ്റെടുത്ത വികസന മേഖലകളിൽ പുരോഗതി കൈവരിക്കുന്നതിന് സംസ്ഥാന സർക്കാരും ബ്ലോക്ക് ജില്ലാ നിയോജക മണ്ഡലം ജനപ്രതിനിധികളും നൽകിയ സഹായവും പിന്തുണയും എടുത്തുപറയത്തക്കതും

നിസ്തുലവുമാണ്. ഗ്രാമപഞ്ചായത്തിന്റെ കൃഷി ഭവൻ, പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടം, പറയത്തുകോണം, പുരവൂർ സ്കൂളുകളിൽ പൂർത്തിയായതും മുടപുരം സ്കൂളിൽ ആരംഭിച്ചതുമായ കെട്ടിടങ്ങൾ, കാട്ടംപുറത്ത് പ്രവൃത്തികൾ നടന്നുവരുന്നതായ പി എച്ച് സി സബ് സെന്റർ കെട്ടിട്ടം, കിഴുവിലം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ടിലെ കളിക്കളം എന്നിവയും എടുത്ത് പറയേണ്ടതാണ്.

കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ പദ്ധതി, പദ്ധതിയേതര വരുമാനത്തിന്റെ സിംഹഭാഗവും അടിസ്ഥാന സൗകര്യങ്ങളും അനിവാര്യ ചുമതലകളും നിർവഹിക്കുന്നതിനായി മാറ്റിവെച്ചാൽ പുതിയ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സാമ്പത്തിക പ്രയാസമുണ്ടാകാറുണ്ട്. എന്നിരുന്നാലും ദൈനംദിന ചെലവുകൾ പരമാവധി ചുരുക്കി വികസന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്ന വികസന നയവും രീതിയുമാണ് നമ്മുടെ ഭരണ സമിതി അവലംബിച്ച് പോരുന്നത്.

ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ നാം ആർജ്ജിച്ച നേട്ടങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും തുടരുന്നതിനും വർദ്ധിപ്പിക്കുന്നതിനും നമുക്ക് കഴിഞ്ഞിട്ടുണ്ട്.കാർഷികഗ്രാമമായ കിഴുവിലത്തിന്റെ നെല്ലുൽപാദനം നിലനിർത്താനും പച്ചക്കറി, ഇടവിളകൃഷി ഉൾപ്പെടെയുള്ള കൃഷികൾ പ്രോത്സാഹിപ്പിക്കാനും സാധിച്ചിട്ടുണ്ട്. മൃഗസംരക്ഷണ ക്ഷീര വികസന മേഖലകളിൽ പദ്ധതികൾ ഏറ്റെടുത്തതിലൂടെ മൃഗസമ്പത്ത് വർദ്ധിപ്പിക്കാനായി. പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കാനുതകുന്ന നൂതന ആശയങ്ങളും പരിശീലനവും നടപ്പിലാക്കലും കുടുംബശ്രീയെക്കൂടി ബന്ധിപ്പിച്ച് പ്രവൃത്തി പഥത്തിലെക്കാനും വലിയ തോതിൽ പരിശ്രമിച്ചെങ്കിലും സഫലമായില്ല.

സാമൂഹ്യനീതിയിലധിഷ്ഠിതമായിട്ടുള്ള വികസനം വൃദ്ധർക്കും ഭിന്നശേഷിക്കാർക്കും കുട്ടികൾക്കും പട്ടികജാതി വിഭാഗത്തിലുൾപ്പെട്ടവർക്കും അനുഭവവേദ്യമാക്കാൻ സാധിച്ചിട്ടുണ്ട്. പാർശ്വവത്കരിക്കപ്പെട്ടവരെയും സമൂഹത്തിൽ പിന്നാക്കം നിൽക്കുന്നവരെയും മുഖ്യധാരയിലേക്കെത്തിക്കുന്നതിനാവശ്യമായ തുക ചെലവഴിക്കാനും ലക്ഷ്യം കൈവരിക്കാനും സാധിച്ചിട്ടുണ്ട്.

ഊർജ്ജം ഉൾപ്പെടെയുള്ള പശ്ചാത്തല അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ സാങ്കേതികത്വത്തിൽ കുടുങ്ങി ഉദ്ദേശിച്ച ഫലം കാണുവാനായില്ല.

സാധാരണക്കാരും ഇടത്തരക്കാരും തൊഴിലാളികളും കർഷകരുമാണ് കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ ജനങ്ങളിൽ കൂടുതലായുള്ളത്.ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്

പരിധിയിൽ പട്ടികജാതി വിഭാഗത്തിലുൾപ്പെട്ടവരുടെ എണ്ണത്തിന്റെ കാര്യത്തിൽ രണ്ടാം സ്ഥാനമാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. വളരെ വേഗം നഗരവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പഞ്ചായത്തുകളിലൊന്നു കൂടിയാണ് നമ്മുടേത്. അതുകൊണ്ട് തന്നെ മാലിന്യ നിർമാർജ്ജനം, പ്രത്യേകിച്ച് അജൈവ മാലിന്യങ്ങളായ പ്ലാസ്റ്റിക്, ഇ–വേസ്റ്റ് എന്നിവ നീക്കം ചെയ്യുന്നതിന് സവിശേഷ ശ്രദ്ധ ആവശ്യമാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസന വെല്ലുവിളികളെ ഏറ്റെടുത്തു കൊണ്ട് പരിമിത വരുമാനത്തിൽ സർവതല സ്പർശിയായിട്ടുള്ള ഒരു ബഡ്ജറ്റ് തയാറാക്കി അവതരിപ്പിക്കുകയെന്നത് ദുഷ്കരമാണ്.എങ്കിലും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും പരിഗണിച്ചു കൊണ്ടും അവശരേയും ആലംബഹീനരെയും പ്രത്യേകമായി കണ്ടു കൊണ്ടും ദിശാബോധത്തോടു കൂടിയാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് പറയുന്നതിൽ അതിയായ സന്തോഷമുണ്ട്.

കിഴുവിലം ഗ്രാമപഞ്ചായത്തിലെ റോഡുകൾ ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യ വികസനത്തിനും കൃഷിക്കും പ്രത്യേക ഊന്നൽ നൽകുന്ന ബഡ്ജറ്റാണ് കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2024-25 ബഡ്ജറ്റ്.

<u>പ്രതീക്ഷിത വരുമാനം (ഒറ്റ നോട്ടത്തിൽ)</u>

| | | |
|---|---|---|
| വസ്തു നികുതി | – | 4800000/രൂപ |
| തൊഴിൽ നികുതി | – | 1900000/രൂപ |
| വാടക | – | 320000/ രൂപ |
| ഫീസ് & രജിസ്ട്രേഷൻ ചാർജ് | – | 4590000/ രൂപ |
| വിൽപനകളിലൂടെ ലഭിക്കുന്നത് | – | 675000/രൂപ |
| നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | – | 1000000/ രൂപ |
| മറ്റു വരവുകൾ | – | 210000/ രൂപ |
| ജനറൽ പർപസ് ഗ്രാന്റ് | – | 22882000/ |
| സംരക്ഷണ ഫണ്ട് (റോഡ് വിഹിതം) | – | 12033000/ രൂപ |
| സംരക്ഷണ ഫണ്ട് (നോൺ റോഡ് വിഹിതം) | – | 12796000/ രൂപ |

| | | |
|---|---|---|
| വികസന ഫണ്ട് | – | 19126000/ രൂപ |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് | – | 3222000/ രൂപ |
| ധനകാര്യ കമ്മീഷൻ ടൈഡ് ഫണ്ട് | – | 4833000/ രൂപ |
| പ്രത്യേക ഘടക പദ്ധതി | – | 14266000/ രൂപ |
| റെവന്യൂ ഗ്രാന്റുകൾ,ഫണ്ടുകൾ കേന്ദ്രാവിഷ്കൃത വിഹിതം | – | 367788556/രൂപ |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | – | 100000000/ രൂപ |
| ആകെ വായ്പകൾ | – | 41834000/ രൂപ |

**<u>പ്രതീക്ഷിത ചെലവുകൾ (ഒറ്റ നോട്ടത്തിൽ)</u>**

| | | |
|---|---|---|
| ജീവനകാര്യത്തിലുള്ള ചെലവുകൾ | – | 19600000/ രൂപ |
| അനിവാര്യചെലവുകൾ | – | 31385000/ രൂപ |
| വികസന ചെലവുകൾ | – | 402749000/ രൂപ |
| ആകെ വരവ് | – | 573455000/ രൂപ |
| ആകെ ചെലവ് | – | 568463000/ രൂപ |
| മിച്ചം | – | 4992000/ രൂപ |

കാർഷിക ഗ്രാമമായ കിഴുവിലത്ത് നെൽകൃഷിക്കാണ് പ്രാമുഖ്യമുള്ളത്.വർഷങ്ങൾ കഴിയുന്തോറും നെല്ലുദ്പാദനം ചെറിയ തോതിലെങ്കിലും കുറഞ്ഞു വരുന്നുണ്ട്.സാമൂഹ്യ സാഹചര്യങ്ങളും കാലാവസ്ഥാ വ്യതിയാനവും ഉൾപ്പെടെയുള്ള കാരണങ്ങൾ ഉണ്ട്.എന്നിരുന്നാലും തല്പരരായ നെൽകൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിന് സമഗ്ര നെൽകൃഷി വികസനം എന്ന പദ്ധതി തുടരുകയാണ്.നെൽകൃഷി കുടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുക,തരിശുകൃഷി പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്കു പുറമേ കരകൃഷിക്കും ഈ ബഡ്ജറ്റ് പ്രാധാന്യം നൽകുന്നു.ഇടവിളകൃഷി,പച്ചക്കറി കൃഷി,വാഴകൃഷി എന്നിവയ്ക്കാവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മൃഗസംരക്ഷണം-ക്ഷീര വികസന മേഖലകളിൽ കന്നുകാലികളുടെയും വളർത്തു പക്ഷികളുടെയും സമ്പത്ത് വർദ്ധിപ്പിക്കാനും ക്ഷീര കർഷകരെ ആ മേഖലയിൽ ഉറപ്പിച്ച് നിർത്താനും സഹായകരമായ പദ്ധതികൾ ബഡ്ജറ്റ് വിഭാവനം ചെയ്യുന്നു.കോഴി വളർത്തൽ, ക്ഷീരഗ്രാമം എന്ന പേരിൽ പശുക്കളെ വാങ്ങുന്നതിനുള്ള ധനസഹായം,ആട് വളർത്തൽ,പാലിന് സബ്സിഡി,കാലിത്തീറ്റ സബ്സിഡി എന്നിവയ്ക്കാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പ്രദേശിക സാമ്പത്തിക വികസനത്തിൽ മുഖ്യമായും നൈപുണ്യ വികസനത്തിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും വരുമാന വർദ്ധനവിനുതകുന്ന തൊഴിൽ സംരഭങ്ങൾ ആരംഭിക്കുകയും ചെയ്യുക എന്നതാണ് ബഡ്ജറ്റ് ലക്ഷ്യമിടുന്നത്. വൈജ്ഞാനിക മേഖലയിൽ ആധുനിക കാലത്തിന്റെ സവിശേഷതകൾ ഉൾച്ചേർത്ത് കൊണ്ട് വിജ്ഞാന സമ്പത്ത് വരുമാന ലഭ്യതക്ക് ഉതകുന്ന തരത്തിൽ രൂപാന്തരപ്പെടുത്തുവാൻ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുവാനും ബഡ്ജറ്റിൽ ലക്ഷ്യമിടുന്നു. ഇപ്രകാരം ഉദ്പാദന മേഖലക്ക് 25385000/ രൂപ ബഡ്ജറ്റിൽ നിക്കിവെക്കുന്നു

ആരോഗ്യമേഖലയിൽ സജീവവും കാലാനുസൃതവുമായ മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സാന്ത്വന പരിചരണം, ജീവിതശൈലി രോഗങ്ങൾ, പകർച്ചാവ്യാധികൾ തടയൽ, അലോപ്പതി, ഹോമിയോ, ആയുർവേദ ആശുപത്രികളുടെ വികസനം, പശ്ചാത്തല സൗകര്യമൊരുക്കൽ, മരുന്നുകളുടെ ലഭ്യത ഉറപ്പാക്കൽ, ലാബ് സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവയ്ക്കാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നു.

വിദ്യാഭ്യാസ രംഗത്ത് നാം കഴിഞ്ഞ കാലങ്ങളിൽ ഏറ്റെടുത്തിട്ടുള്ളതും വിദ്യാർത്ഥികൾക്ക് ഏറ്റവും കൂടുതൽ പ്രയോജനപ്രദവുമായിട്ടുള്ള പ്രഭാത ഭക്ഷണം, പട്ടികജാതി വിഭാഗത്തിലുൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് ഫർണിച്ചർ, ലാപ്ടോപ്പ്, മെറിറ്റോറിയസ് സകോളർഷിപ്പ്, സ്കൂളുകൾക്ക് ഫർണിച്ചർ, കുടിവെള്ളം, കിച്ചൺ ശുചിത്വ സൗകര്യങ്ങൾ എന്നിയ്ക്കാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

വനിത ശിശു വികസന രംഗത്ത് അനിവാര്യ ചുമതലകൾക്ക് പുറമെ അംഗനവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുവാനും ആധുനികവത്കരിക്കാനും വനിതകളെ സ്വയം പര്യാപ്തരാക്കി ശാക്തീകരിക്കുന്നതിനും ഉതകുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഫെസിലിറ്റേഷൻ സെന്റർ, പെണ്ണിടം, ജാല, തുടങ്ങിയവയിലൂടെയും സൂക്ഷ്മതല സംരംഭങ്ങൾ, തൊഴിൽ യൂണിറ്റുകൾ എന്നിവയിലൂടെയും സ്ത്രീപക്ഷ സമീപനവും ബഡ്ജറ്റിൽ സ്വീകരിക്കുകയാണ്. കുടുംബശ്രീ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കേണ്ടതുണ്ട്.

ഭവന നിർമാണ-പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു. പദ്ധതി വിഹിതത്തിന്റെ ഇരുപത് ശതമാനം നീക്കിവെക്കുന്നതോടൊപ്പം ജനറൽ പട്ടികജാതി വിഭാഗത്തിൽ ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി തുക നീക്കിവെക്കുകയാണ്. ലൈഫ് ഭവന പദ്ധതിയെ ശക്തിപ്പെടുത്തി ഭൂമിയില്ലാത്തവർക്ക് ഭൂമിയും ഭവനമില്ലാത്തവർക്ക് ഭവനവും നൽകുന്ന ഉദാത്ത ലക്ഷ്യം കൈവരിക്കാൻ നമുക്കും സാധിക്കണം. ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നു.

ഊർജ്ജ സംരക്ഷണത്തിനു വൈദ്യുത വിതരണത്തിനും ചുമതലയുള്ള സംസ്ഥാന ഏജൻസിയായ കെ എസ് ഇ ബി യുമായി സഹകരിച്ച് പഞ്ചായത്തിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും ഗ്രാമപഞ്ചയാത്ത് പ്രദേശത്തെ വൈദ്യുതി സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് 110 കെ വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള തീവ്രമായ ശ്രമങ്ങൾ നടത്തുന്നതാണ്.

പൊതുമാർക്കറ്റ് നവീകരണം, ഷോപ്പിംഗ് കോംപ്ലക്സ് നിർമാണം എന്നിവ വളരെ പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടതായിട്ടുണ്ട്.

ജലജീവൻ മിഷനിലൂടെ നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് തൊണ്ണൂറ് ശതമാനത്തിലധികം കുടുംബങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകാൻ സാധിച്ചിട്ടുണ്ടെങ്കിലും അതിലൂടെ ഗ്രാമീണ റോഡുകൾ തകർന്നു പോകുന്ന നിലയാണുണ്ടായത്. ലഭ്യമായ പണം ഉപയോഗിച്ച് റോഡുകൾ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ സാങ്കേതികത്വത്തിന്റെയും കരാറുകാരുടെ നിസ്സഹകരണത്തിന്റെയും പേരിൽ കാലതാമസം നേരിടുന്നു.എന്നാൽ ആയതിന് പരിഹാരം കാണണമെന്ന ഉറച്ച് തീരുമാനത്തോടെ നമ്മുടെ തനത് വരുമാനവും സംരക്ഷണ ഫണ്ടും കൂടി ഉപയോഗിച്ച് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം സാധ്യമാകുന്നതിനാവശ്യമായ തുക ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുണ്ട്.

ശുചിത്വ മേഖല പ്രതിസന്ധി നേരിടുകയാണ്.വ്യക്തി ശുചിത്വവും കുടുംബ ശുചിത്വും പുലർത്തുന്ന വിദ്യാ സമ്പന്നർ പോലും സാമൂഹ്യ ശുചിത്വത്തിൽ അലംഭാവം പുലർത്തുന്നു. ഹരിതകർമസേനയെ ആധുനിക വത്കരിക്കാനും കാലികാവശ്യങ്ങൾ പരിഗണിക്കാനും പ്രശ്നങ്ങളെ അതിജീവിക്കാനുമുതകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമുള്ള തുക ബഡ്ജറ്റിൽ വകയിരുത്തുന്നു.

സമൂഹത്തിലെ ഭിന്നശേഷി വിഭാഗങ്ങളെ പ്രത്യേകമായി പരിഗണിക്കുവാനും അവരുടെ ശേഷി വർദ്ധിപ്പിക്കാനുമുതകുന്ന പ്രോജക്ടുകൾക്ക് തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിലുൾപ്പെട്ടവരുടെ ക്ഷേമം ഉറപ്പാക്കുക എന്നത് പൊതുസമൂഹത്തിന്റെ അത്യന്തികമായ കടമയാണ്. നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി വിഭാഗങ്ങളിൽ ഭൂരിപക്ഷവും സങ്കേതങ്ങളിലാണ് താമസിച്ച് വരുന്നത്.അവരുടെ വീട്, ഭൂമി, വിദ്യാഭ്യാസം, കലാ കായിക വികസനം, പശ്ചാത്തല സൗകര്യങ്ങളൊരുക്കൽ ഉൾപ്പെടെയുള്ള സമഗ്ര വികസനത്തിന് പ്രത്യേക ഊന്നൽ നൽകുകയും ആവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കിഴുവിലം ഗ്രാമപഞ്ചായത്തിനെ ശരിയായ ദിശയിൽ മുന്നോട്ട് നയിക്കുന്നതിന് പര്യാപ്തമായ നിലയിൽ തയ്യാറാക്കിയിട്ടുള്ള 2024-25 ബഡ്ജറ്റ് സജീവമായ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

കിഴുവിലം
09/02/2024

അഡ്വ.ആർ.ശ്രീകണ്ഠൻ നായർ
വൈസ് പ്രസിഡണ്ട്
&
ചെയർമാൻ
ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി

അഡ്വ. ആർ ശ്രീകണ്ഠൻ നായർ
വൈസ് പ്രസിഡന്റ്
കിഴുവിലം ഗ്രാമപഞ്ചായത്ത്
മുടപുരം. പി. ഒ
തിരുവനന്തപുരം ജില്ല - 695 304
ഫോൺ: 0470 - 2640342, 9447583993

# കിഴുവിലം ഗ്രാമപഞ്ചായത്ത്

# ബഡ്ജറ്റ്
# 2024-2025

ധനകാര്യസ്ഥിരം സമിതിയുടെ 07/02/2024

തീയതിയിലെ 1–ാം നമ്പർ

തീരുമാന പ്രകാരം അംഗീകരിച്ചത്